Page 1 of 1

## മലപ്പുറം മണ്ഡലത്തിലെ മൊറയൂർ ഐ.ടി.ഐ.

203 (*5006) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിൽ പുതുതായി അനുവദിച്ച മൊറയൂർ ഐ.ടി.ഐ. സംബന്ധിച്ച തുടർനടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഐ.ടി.ഐ. എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ-സി) ഈ വിഷയത്തിൽ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തുകയും ടിയാൻ ഇടക്കാല റിപ്പോർട്ട് ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ടി.ഐ. തുടങ്ങുന്നതിന് താൽക്കാലിക സൗകര്യം ഒരുക്കണമെന്നും ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ പിന്നീട് പരിഗണിക്കാമെന്നുമാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തി, ആയത് എത്രയും വേഗം വകുപ്പിന് ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കാൻ അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഓൺലൈൻ ഐ.ടി.ഐ. പ്രവേശനം

204 (5007) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഐ.റ്റി.ഐ. പ്രവേശനം ഓൺലൈൻ ആക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പ് സോഫ്റ്റ് വെയർ രൂപപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും എന്നാണ് ഈ സോഫ്റ്റ്‌വെയർ വാങ്ങിയതെന്നും എന്നു മുതൽ ഇത് ഉപയോഗിച്ചു തുടങ്ങിയെന്നും ഇപ്പോൾ ഇത് നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly